LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണം

34 [2519] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002, 2003 വർഷങ്ങളിൽ സംസ്ഥാനത്ത് ആകെ എത്ര പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണമാണ് കേരളാ പോലീസ് ഭവന നിർമ്മാണ കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നതെന്ന് പറയാമോ;

(ബി) പ്രസ്തുത ആവശ്യത്തിന് അനുവദിച്ചിരുന്ന തുകയും അതിൽ കൊടുത്ത തുകയും സംബന്ധിച്ച വിശദാംശം പറയാമോ;

(സി) നിശ്ചയിച്ചതിൽ എത്ര പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം ഇപ്പോൾ പൂർത്തിയാക്കിയെന്നും, ശേഷിക്കുന്നവ ഏതു ഘട്ടത്തിലാണെന്നും പറയാമോ;

(ഡി) ഇക്കാര്യത്തിൽ തീരുമാനം നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ചയ്ക്കു കാരണങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2002, 2003 വർഷങ്ങളിൽ സംസ്ഥാനത്തെ 101 പോലീസ് സ്റ്റേഷന്റെയും 7 ട്രാഫിക് സ്റ്റേഷന്റെയും കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേരളാ പോലീസ് ഭവന നിർമ്മാണ കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നു.

(ബി) പതിനൊന്നാം ധനകാര്യ കമ്മിഷൻ അവാർഡിൽ ഉൾപ്പെടുത്തി 1200 ലക്ഷം രൂപയും പോലീസ് സേനാ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 62 ലക്ഷം രൂപയും അനുവദിച്ചു.

(സി) ഇതുവരെ '18' സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാകുകയും 56 സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്.

(ഡി) കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിന്റെ ലഭ്യതയില്ലായ്മ, സ്ഥലം കൈമാറ്റം ചെയ്തു ലഭിക്കാനുള്ള കാലതാമസം, ടി സ്ഥലങ്ങളിൽ ഉണ്ടായിരുന്ന പഴകിയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റൽ, ടി സ്ഥലങ്ങളിൽ ഉള്ള വൃക്ഷങ്ങൾ വനം വകുപ്പുമായി ബന്ധപ്പെട്ട് ലേലം ചെയ്ത് നീക്കൽ എന്നീ കാരണങ്ങൾ മൂലമുണ്ടായ കാലതാമസത്തിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുവാൻ സാധിച്ചിട്ടില്ല.

പാനൂർ പോലീസ് ക്വാർട്ടേഴ്സ് പുതുക്കിപ്പണിയാൻ നടപടി

35 [2520] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർക്കും, പോലീസുകാർക്കും താമസിക്കാനുള്ള ക്വാർട്ടേഴ്സ് പഴകിയതും ചോർന്നൊലിക്കുന്നതുമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;